بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ﴿۱﴾

# ജുമുഅ: ഖുത്ബ സംഗ്രഹം 16.06.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ബദ്ർ യുദ്ധത്തിനു മുന്നോടിയായി നടന്ന സംഭവങ്ങൾ

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

മക്കയിലെ സത്യനിഷേധികളുടെ യുദ്ധത്തിനുള്ള തയ്യാറെടുപ്പിന്റെ ചില കാര്യങ്ങൾ വിവരിച്ചിരുന്നു. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ഇപ്രകാരമാകുന്നു. ഉമയ്യ ബിൻ ഖല്ഫും അബൂലഹബും യുദ്ധത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് വിട്ടുനിൽക്കാൻ ആഗ്രഹിച്ചിരുന്നു. അതിനാൽ അബൂജഹൽ ഉമയ്യ ബിൻ ഖല്ഫിന്റെ അടുക്കൽ വന്നു പറഞ്ഞു: നിങ്ങൾ ഖുറൈശികളുടെ നേതാക്കളിൽ ഒരാളാണ്, നിങ്ങൾ യുദ്ധത്തിൽ പങ്കെടുക്കുന്നില്ലെങ്കിൽ ജനങ്ങളും അതിൽനിന്ന് പിന്മാറുന്നതാണ്. അതിനാൽ നിങ്ങൾ ഞങ്ങളുടെ കൂടെ തീർച്ചയായും വരണം, നിങ്ങൾക്ക് ഒന്നുരണ്ടു ദിവസത്തെ യാത്ര കഴിഞ്ഞ് മടങ്ങിവരാവുന്നതാണ്.

സത്യത്തിൽ, ഉമയ്യയുടെ മരണം റസൂലുല്ലഹ്(സ) പ്രവചിച്ചതിനാലായിരുന്നു യുദ്ധത്തിന് പോകാൻ ഉമയ്യ് ഭയപ്പെട്ടിരുന്നത്. സ്വഹീഹുൽ ബുഖാരിയിൽ ഇത് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

അബൂലഹബ് തന്റെ സ്ഥാനത്ത് മറ്റൊരാളെ അയച്ചുകൊണ്ട് (സ്വയം) യുദ്ധത്തിനായി പോകാതിരിക്കാൻ കാരണം അബ്ദുൽ മുത്തലിബിന്റെ മകൾ ആത്തിക കണ്ട സ്വപ്നമായിരുന്നു. ആത്തികയുടെ സ്വപ്നം ആരുടെയെങ്കിലും കയ്യിൽ എന്തെങ്കിലും കിട്ടിയതുപോലെയാണ് എന്ന് അബൂലഹബ് പറയാറുണ്ടായിരുന്നു.

മക്കയിൽ നിന്ന് അവിശ്വാസികളുടെ ആയിരം പേരടങ്ങുന്ന സൈന്യം അത്യുത്സാഹത്തോടെ പുറപ്പെട്ടു. അവരുടെ പക്കൽ നൂറോ ഇരുനൂറോ കുതിരകളും, എഴുനൂറ് ഒട്ടകങ്ങളും അറുന്നൂറ് പടച്ചട്ടകളും കുന്തം, വാൾ, അമ്പ്, വില്ല് തുടങ്ങിയ മറ്റ് യുദ്ധോപകരണങ്ങളും ധാരാളം ഉണ്ടായിരുന്നു.

ഖുറൈശികൾ മക്കയിൽ നിന്ന് പുറപ്പെട്ട് മദീനയുടെ എൺപത്തിരണ്ട് മൈൽ അകലെയുള്ള ജുഹ്ഫയിൽ തമ്പടിച്ചു. അവിടെയുണ്ടായിരുന്ന ജഹീം ബിൻ സ്വലത്ത് എന്നയാൾ തന്റെ ഒരു സ്വപ്നം ജനങ്ങളോട് വിവരിച്ചു. അതിൽ ഒരാൾ കുതിരപ്പുറത്ത് കയറി വരുന്ന ഒരു രംഗം കണ്ടു. അദ്ദേഹം (വിളിച്ചു) പറയുന്നു: ഉത്ബ ബിൻ റബീഅ:, ശൈബ ബിൻ റബീഅ:, അബുൽ ഹക്കം ബിൻ ഹിശാം അഥവാ അബൂജഹൽ, ഉമയ്യ ബിൻ ഖല്ഫ് തുടങ്ങി ഖുറൈശികളുടെ ഇന്ന ഇന്ന തലവൻമാർ കൊല്ലപ്പെട്ടിരിക്കുന്നു. എന്നിട്ട് തന്റെ ഒട്ടകത്തിന്റെ കഴുത്തിൽ അമ്പെയ്ത് അതിനെ ഞങ്ങളുടെ കൂടാരത്തിന്റെ നേരെ അയച്ചു. അങ്ങനെ ഈ ഒട്ടകത്തിന്റെ രക്തം നമ്മുടെ സൈന്യത്തിന്റെ കൂടാരത്തിൽ പതിച്ചു. ഈ സ്വപ്നം കേട്ടപ്പോൾ അബൂജഹൽ പരിഹാസത്തോടെയും ദേഷ്യത്തോടെയും പറഞ്ഞു: ബനൂ അബ്ദുൽ മുത്തലിബിൽ മറ്റൊരു പ്രവാചകനും(കൂടി) ജനിച്ചിരിക്കുന്നു. നാളെ യുദ്ധം നടന്നാൽ ആരാണ് കൊല്ലപ്പെടുന്നത് എന്ന് വ്യക്തമാകുന്നതാണ്.

യുദ്ധം ഒഴിവാക്കാൻ ശ്രമിക്കണമെന്ന് അബൂസുഫിയാൻ അബൂജഹലിന് അയച്ച സന്ദേശം കേട്ടപ്പോൾ അബൂജഹൽ പറഞ്ഞു: അല്ലാഹുവാണെ, ഞങ്ങൾ തീർച്ചയായും ബദറിലേക്ക് പോകുന്നതാണ്. അവിടെ ഞങ്ങൾ ഒട്ടകങ്ങളെ അറു(ത്തുഭക്ഷി)ക്കുന്നതാണ്, മദ്യം കുടിക്കുന്നതാണ്, ഞങ്ങളുടെ ദാസിമാർ ഞങ്ങളുടെ മുമ്പിൽ പാടുന്നതാണ്. ഇത്തരത്തിൽ നമ്മുടെ യാത്രയുടെയും സൈന്യത്തിന്റെയും വാർത്തകൾ അറേബ്യയിലെങ്ങും എത്തുകയും അവർ എപ്പോഴും നമ്മെ ഭയക്കുകയും ചെയ്യുന്നതാണ്.

അബൂസുഫിയാന്റെ ഈ സന്ദേശത്തിൽ ബനൂ അദ്ദിയും ബനൂ സഹ്റയും യുദ്ധത്തിൽ പങ്കെടുക്കാതെ തിരിച്ചുപോയി. നിഷേധികൾക്കൊപ്പമുണ്ടായിരുന്ന അബുതാലിബിന്റെ മകൻ താലിബിനോട് വഴിയിൽ വെച്ച് അവിശ്വാസികൾ പറഞ്ഞു:

നിങ്ങൾ ഞങ്ങളുടെ കൂടെ വന്നിട്ടുണ്ടെങ്കിലും നിങ്ങളുടെ യഥാർത്ഥ കൂറ് മുഹമ്മദിനോടാണ് എന്ന് ഞങ്ങൾക്കറിയാം. ഇതോടെ താലിബ് തന്റെ പല ആളുകളുമായി മടങ്ങിപ്പോയി. ത്വബ്‌രിയിൽ വന്നിരിക്കുന്നത്, താലിബ് സമ്മർദത്താൽ ആയിരുന്നു മക്കാനിഷേധികൾക്കൊപ്പം പുറപ്പെട്ടിരുന്നത്, പക്ഷേ അദ്ദേഹം കൊല്ലപ്പെട്ടതായോ തടവുകാരിൽ ഉൾപ്പെട്ടതായോ എവിടെയും പരാമർശമില്ല. അയാൾ വീട്ടിൽ മടങ്ങിയെത്തിയിട്ടുമില്ല.

റസൂലുല്ലാഹ്(സ) ഹിജ്റ വർഷം 2 ന് റമസാൻ 12 ന് മദീനയിൽ നിന്ന് യാത്ര തിരിച്ചു. 300 ൽ കൂടുതൽ സ്വഹാബാക്കളാണ് തിരുനബിയോടൊപ്പം ഉണ്ടായിരുന്നത്. അധികം നിവേദനങ്ങളിലും മുസ്‌ലിംകളുടെ എണ്ണം 313 എന്നാണ് വന്നിട്ടുള്ളത്. അതിൽ 74 മുഹാജിറുകളും ബാക്കിയുള്ളവർ അൻസാറുകളും ആയിരുന്നു. അൻസാറുകൾ പങ്കെടുത്ത ആദ്യത്തെ യുദ്ധമാണിത്. ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ)നോട് തന്റെ ഭാര്യ ഹദ്റത്ത് റുഖിയ്യ ബിൻത്ത് റസൂലുല്ലാഹ് രോഗിയായതിനാൽ മദീനയിൽ തന്നെ താമസിക്കാൻ അല്ലാഹുവിന്റെ റസൂൽ(സ) ഉത്തരവിടുകയുണ്ടായി.

തിരുനബി(സ) യുദ്ധത്തിനായി പുറപ്പെടാൻ തുടങ്ങിയപ്പോൾ ഉമ്മു വറഖ ബിൻത് നൗഫൽ എന്ന സ്ത്രീ എന്നെയും ജിഹാദിൽ പങ്കെടുക്കാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചു. ഞാൻ നിങ്ങളോടൊപ്പം രോഗികളെ ചികിത്സിക്കുന്നതാണ്. (അങ്ങനെ) അല്ലാഹു എനിക്കും ശഹാദത്ത് പദവി നൽകട്ടെ. തിരുനബി(സ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ വീട്ടിൽ തന്നെ താമസിക്കുക; അല്ലാഹു നിങ്ങൾക്ക് ശഹാദത്ത് നൽകുന്നതാണ്. അങ്ങനെ, ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ഉമ്മു വറഖയെ അവരുടെ അടിമ വധിക്കുകയുണ്ടായി; അങ്ങനെ, തിരുനബി(സ)ന്റെ പ്രവചനമനുസരിച്ച്, അവർക്ക് ശഹാദത്ത് പദവി ലഭിച്ചു.

ഈ യുദ്ധത്തിൽ മുസ്‌ലിംകൾക്ക് അഞ്ചോ ചില നിവേദനമനുസരിച്ച് രണ്ടോ കുതിര ആണ് ഉണ്ടായിരുന്നത്. 60 പടച്ചട്ടകളും എഴുപതോ എൺപതോ ഒട്ടകങ്ങളും ഉണ്ടായിരുന്നു. സ്വഹാബികൾക്ക് വേണ്ടി നബി(സ) പ്രാർത്ഥിച്ചു: അല്ലാഹുവേ! നഗ്നപാദരായ ഇവർക്ക് യാത്രാമൃഗവും ഈ നഗ്നശരീരങ്ങൾക്ക് വസ്ത്രവും വിശക്കുന്നവർക്ക് ഭക്ഷണവും നൽകേണമേ. ഇവർ ദരിദ്രരാണ്, അങ്ങയുടെ കൃപയാൽ അവരെ സമ്പന്നരാക്കിയാലും. ഈ പ്രാർഥന സ്വീകരിക്കപ്പെട്ടു. യുദ്ധത്തിന്റെ അവസാനത്തിൽ യാത്രാമൃഗമില്ലാത്ത ആരുമുണ്ടായിരുന്നില്ല. ഭക്ഷണ പാനീയങ്ങൾക്ക് ക്ഷാമം ഇല്ലാത്ത വിധം സാധനങ്ങൾ വിതരണം ചെയ്തു. വസ്ത്രമില്ലാത്തവർക്ക് വസ്ത്രങ്ങൾ ലഭിച്ചു. യുദ്ധത്തടവുകാരെ മോചിപ്പിക്കുന്നതിന് വളരെയധികം പ്രതിഫലം ലഭിച്ചതിനാൽ ഓരോ കുടുംബവും സമ്പന്നരായി മാറി.

ഹദ്റത്ത് ഉസ്മാൻ(റ)നെ കൂടാതെ യുദ്ധത്തിന് പോകാൻ തിരുനബി(സ) അനുവദിച്ചിട്ടില്ലാത്ത മറ്റു ചിലരുമുണ്ടായിരുന്നു. അവരിൽ ഒന്ന് മാതാവ് രോഗിയായിരുന്ന ഹദ്റത്ത് അബൂഉമാമ ബിൻ ഥൽഅബ. മറ്റുള്ളവരെ യുദ്ധത്തിന് സജ്ജമാക്കിയിരുന്ന ഹദ്റത്ത് സഅദ് ബിൻ ഉബാദയ്ക്ക് പാമ്പ് കടിയേറ്റതിനാൽ യുദ്ധത്തിന് പോകാൻ കഴിഞ്ഞിരുന്നില്ല. അതുപോലെ തന്നെ വഴിയിൽ വെച്ച് പ്രായം കുറഞ്ഞവരോട് നബി(സ) മടങ്ങിപ്പോകാൻ ഉത്തരവിട്ടു. ഉമൈർ ബിൻ അബി വഖാസും അവരിൽ ഉൾപ്പെടുന്നു. അദ്ദേഹം തിരുനബി(സ) നൽകിയ മടങ്ങി വരാനുള്ള ഉത്തരവ് കേട്ട് കരയാൻ തുടങ്ങി. അതിൽ പിന്നെ നബി(സ) അനുവാദം നൽകുകയും അങ്ങനെ അദ്ദേഹം യുദ്ധത്തിൽ പങ്കെടുത്ത് രക്തസാക്ഷിയാവുകയും ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇസ്‌ലാമിനും വിശ്വാസത്തിനുംവേണ്ടി ബലിയാടാകാതിരിക്കാൻ ഒഴികഴിവുകൾ തേടുന്ന കാലഘട്ടം ഇന്ന് വന്നിരിക്കുന്നു. സന്ദർഭം വരുമ്പോൾ നമുക്ക് ഇന്ന പ്രയാസമുണ്ട്; ഇന്ന തടസ്സമുണ്ട് എന്ന് പറയുന്നു. എന്നാൽ തിരുനബി(സ)യുടെ പരിശുദ്ധ ശക്തിപ്രഭാവത്താൽ മുസ്‌ലിംകൾക്കിടയിൽ ത്യാഗമനോഭാവം ഉണ്ടായിരുന്നു. പുരുഷന്മാരിലും സ്ത്രീകളിലും മാത്രമല്ല കുട്ടികളിൽപോലും ഈ ഒരു വികാരം ദൃശ്യമായിരുന്നു.

ഈ യാത്രയിൽ അബ്ദുല്ലാഹ് ബിൻ ഉമ്മു മക്തൂമിനെ മദീനയിലെ അമീറായി തിരുനബി(സ) നിയമിച്ചു. എന്നാൽ വഴിയിൽ വെച്ച് അബ്ദുല്ലാഹ് അന്ധനാണെന്നും മദീനയുടെ ഭരണം ശക്തമായി നിലനിൽക്കണമെന്നും ചിന്തിച്ചുകൊണ്ട് തിരുനബി(സ) അബൂ ലുബാബ ബിൻ മുൻദറിനെ മദീനയിലെ അമീറായി നിയമിച്ചുകൊണ്ട് തിരിച്ചയക്കുകയുണ്ടായി. അതുപോലെ ആസിം ബിൻ അദിയെ ഖുബായുടെ അമീറായി നിയമിച്ചു. തിരുനബി(സ) മുസ്അബ് ബിൻ ഉമൈറിന് ഇസ്‌ലാമിക സൈന്യത്തിന്റെ പതാക നൽകി. ഈ പതാക വെളുത്തതായിരുന്നു. ഇതിനുപുറമെ, രണ്ട് കറുത്ത പതാകയും ഉണ്ടായിരുന്നു. അതിലൊന്ന് ഹദ്റത്ത് അലിയുടെ പക്കലായിരുന്നു. ഹദ്റത്ത് ആയിശയുടെ പുതപ്പുകൊണ്ടാണ് ഈ പതാക നിർമ്മിച്ചിരുന്നത്.

രണ്ടാമത്തെ കറുത്ത പതാക അൻസാരിയായ ഒരു സ്വഹാബിയുടെ പക്കലായിരുന്നു. ഒരു നിവേദനമനുസരിച്ച്, ഇസ്‌ലാമിക സൈന്യത്തിന്റെ പക്കൽ ഉണ്ടായിരുന്ന മൂന്ന് പതാകകളിൽ മുഹാജിറുകളുടെ പതാക ഹദ്റത്ത് മുസ്അബ് ബിൻ ഉമൈറിന്റെ പക്കലും ഖസ്റജ് ഗോത്രത്തിന്റെ പതാക ഹദ്റത്ത് ഹുബാബ് ബിൻ മുൻദിറിന്റെ പക്കലും ഔസ് ഗോത്രത്തിന്റെ പതാക ഹദ്റത്ത് സഅദ് ബിൻ മുആദിന്റെ പക്കലുമായിരുന്നു.

ബാക്കി വിവരണങ്ങൾ തുടർന്ന് വിശദീകരിക്കുന്നതാണെന്ന് പറഞ്ഞതിന് ശേഷം ഹുസൂർ അൻവർ ചില മർഹൂമീങ്ങളെ അനുസ്മരിക്കുകയും അവരുടെ ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുമുണ്ടായി.

1. യുകെയിലെ ബഹുമാന്യ ശെയ്ഖ് ഗുലാം റഹ്മാനി സാഹിബ്.

2. ബുർക്കിന ഫാസോയിലെ മെഹ്ദിയാബാദിലെ ബഹുമാന്യ താഹിർ ഏജി ഹാമാ സാഹിബ്

3. ബഹുമാന്യ ഖ്വാജാ ദാവൂദ് അഹ്മദ് സാഹിബ്

4. കാനഡയിലെ സ്കോട്ടനിലെ ബഹുമാന്യ സയ്യിദ് തൻവീർ ശാഹ് സാഹിബ്.

5. ജമാഅത്തിന്റെ മുറബ്ബിയായ ബഹുമാനപ്പെട്ട റാണാ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്

ഇവരുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനും വേണ്ടി ഹുസൂർ തിരുമനസ്സ് ദുആ ചെയ്തു.

---

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak U.K. – on 16.06.2023
Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516